"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പ്രോജക്ട്, എ കെ ജി സ്മൃതി മണ്ഡപം സൗന്ദര്യവൽക്കരണം പദ്ധതി- കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് - അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(കൈ) നം.13/2026/LSGD തീയതി,തിരുവനന്തപുരം, 11-01-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/05/2025 ലെ എൽഎസ്ജിഡി/പിഡി/5861/2025-ഡിപിഎൽബി3 നമ്പർ കത്ത്
2. കിഫ്ബി സി.ഇ.ഒ-യുടെ 15/10/2025 ലെ എപിആർ-2/4505/2025/കിഫ്ബി നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/11/2025 ലെ എൽഎസ്ജിഡി/പിഡി/37428/2025-ഇഡബ്ല്യൂ5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ 2024-25 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കണ്ണൂർ പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പ്രോജക്ട്, എ കെ ജി സ്മൃതി മണ്ഡപം സൗന്ദര്യവൽക്കരണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന് തനത് ഫണ്ട് കുറവായതിനാൽ മാവിലായി ഹെറിറ്റേജ് വില്ലേജ് നിർമ്മാണം എ.കെ.ജി സ്മൃതി മണ്ഡപം സൗന്ദര്യവൽക്കരണം എന്ന പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് നിലവിൽ 2 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് നീക്കി വച്ചിട്ടുള്ളതെന്നും 837 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്ക് 2 ലക്ഷം രൂപ ഡി.പി.ആർ തയ്യാറാക്കുന്നതിന് തികയാതെ വരുമെന്നതിനാൽ കിഫ്ബി പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനു അനുമതിയുള്ള തുക പഞ്ചായത്തിന്

കൈമാറാനുള്ള അനുവാദം നൽകണമെന്നും അനുവാദം കിട്ടുന്ന മുറയക്ക് പഞ്ചായത്ത് നിലവിലുള്ള തനത് ഫണ്ട് ഉപയോഗിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്രസ്തുത പദ്ധതി നിർവഹിയ്ക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം കിഫ്ബിയിൽ നിന്നും ശിപാർശ ലഭ്യമായിട്ടുണ്ട്. 18.11.2024 തീയതിയിലെ കിഫ്ബിയുടെ 51-ാം ജനറൽ ബോഡി യോഗത്തിൽ, ടി പദ്ധതി നടപ്പിലാക്കുന്നതിന് റൂറൽ ഡയറക്ടർ ലഭ്യമാക്കിയ കൺസപ്റ്റ് നോട്ട്-ന്റെ അടിസ്ഥാനത്തിൽ 8.37 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതും ടി പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടുപോകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**<u>കൺസപ്റ്റ് നോട്ട് സംക്ഷിപ്തം</u>**

- ഭൂമി ആർജ്ജിക്കൽ - 1.34 കോടി (നെഗോഷ്യേഷൻ വഴി)
- മാവിലായി എകെജി ഹെറിട്ടേജ് സ്ക്വയർ - 2.50 കോടി
- എകെജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം - 4.53 കോടി
- ആകെ - 8.37 കോടി

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവിലായി ഹെറിറ്റേജ് വില്ലേജ് പ്രോജക്ട്, എ.കെ.ജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ, പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാകാത്തവിധം തദ്ദേശസ്വയംഭരണ വകുപ്പും പെരളശ്ശേരി ഗ്രാമപഞ്ചായത്തും സാംസ്കാരിക വകുപ്പുമായി കൂടിയാലോചിച്ച് ഒരു റവന്യൂ മോഡലിന് രൂപം

നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കിഫ്ബി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, റൂറൽ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്. സി) വകുപ്പ് (തീരുമാനം നം...................തീയതി..............)

ധനകാര്യ വകുപ്പ്( 28.06.2025-ലെ 3149163/DEV-3/122/2025-Fin നമ്പർ കുറിപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 13-01-2026 10:45:04

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-01-2026**

ഫയൽ നം. പിപി1/54/2025/തസ്വഭവ. ഇനം നം: 3522

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവിലായി ഹെറിറ്റേജ് വില്ലേജ് പ്രോജക്ട്, എ.കെ.ജി. സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

3522

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്( )**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : പിപി1/54/2025/തസ്വഭവ |
| 2 | വകുപ്പ് | : തദ്ദേശസ്വയം ഭരണ(പിപി) വകുപ്പ് |
| 3 | വിഷയം | : കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവിലായി ഹെറിറ്റേജ് വില്ലേജ് പ്രോജക്റ്റ്, എ.കെ.ജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : 26.11.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |

7 കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് : ശ്രീമതി.പ്രീത.കെ.എസ്

8 കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് : ശ്രീമതി. ടിങ്കു ബിസ്വാൾ

9 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി : 16/12/2025

10 കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : ഡോ. എ. ജയതിലക്

11 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 31/12/2025

12 കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : ശ്രീ. എം. ബി. രാജേഷ്

13 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : 31/12/2025

14 കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 05/01/2026

15 മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി :

16 തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും :

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പദ്ധതി, എ കെ ജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം എന്നിവ കിഫ്ബി ധനസഹായത്തോടെ നിർവഹിക്കുന്നതിന് ഭരണാനുമതി നൽകുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പദ്ധതി 2024-25 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തി നടപ്പിലാക്കുന്നതു സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചിട്ടുള്ളതാണെന്നും എന്നാൽ, ടി പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് നിലവിൽ 2 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് നീക്കി വച്ചിട്ടുള്ളത് എന്നും837 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്ക് 2 ലക്ഷം രൂപ ഡി.പി.ആർ തയ്യാറാക്കുന്നതിന് തികയാതെ വരുമെന്നതിനാൽ കിഫ്ബി പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനു അനുമതിയുള്ള തുക പഞ്ചായത്തിന് കൈമാറാനുള്ള അനുവാദം നൽകണമെന്നും, അനുവാദം കിട്ടുന്ന മുറയ്ക്ക് പഞ്ചായത്ത് നിലവിലുള്ള തനത് ഫണ്ട് ഉപയോഗിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. കൂടാതെ, പ്രവൃത്തി നടപ്പാക്കുന്നതിന് നിർവഹണ ഏജൻസി വഴി കിഫ്ബിയ്ക്ക് ഒരു പ്രപ്പോസൽ സമർപ്പിക്കുന്ന പക്ഷം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് പരിമിതി മറികടക്കുന്നതിനും ഡിപിആർ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

3. 2024-25 ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തു പണികളുടെ വിശദ വിവരങ്ങൾ) പ്രകാരം, ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത മാവിലായി ഹെറിറ്റേജ് പദ്ധതി ( ക്രമ നമ്പർ 1513 ), ഭൂമി ഉൾപ്പെടെ 2500 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ടോക്കൺ പ്രോവിഷൻ മാത്രമാണ് നൽകിയിട്ടുള്ളത്. നിർവ്വഹണ വകുപ്പായി പൊതുമരാമത്ത് വകുപ്പിനെ നിശ്ചയിച്ച് അനുമതി നൽകിയിട്ടുമുണ്ട്. മാത്രമല്ല, കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകൾ അടങ്ങുന്ന ധനകാര്യ വകുപ്പിന്റെ 08.08.2016 ലെ സ.ഉ.(സാധാ) നം.315/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികൾ പുതിയതായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പുമായി കൺസൽട്ടിംഗ് നടത്തിയതിന് ശേഷം

ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

4. എന്നാൽ, 2017-2018 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വിവിധ പദ്ധതികൾക്ക് കിഫ്ബി മുഖേന തുക വകയിരുത്തിയതിനെ തുടർന്ന് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പ്രോജക്ട് കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ആയതിനാൽ ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ ചേർത്ത അഭിപ്രായം നൽകിയിട്ടുമുണ്ട്.

"കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മാവിലയിൽ ഹെറിറ്റേജ് വില്ലേജ്, എ.കെ.ജി സ്മൃതി മണ്ഡപം സൗന്ദര്യ വത്കരണം പദ്ധതി, KIIFB ധനസഹായത്തോടെ നടപ്പിലാക്കാൻ കാബിനറ്റ് തീരുമാനമോ സംസ്ഥാന ബജറ്റ് പ്രസംഗത്തിലോ ഇല്ലാത്തതിനാൽ 24.02.2018-ലെ സ.ഉ.(എം എസ്) നം.69/2018/ഫിൻ പ്രകാരം അനുമതി ലഭ്യമാക്കി സമർപ്പിക്കുന്ന പക്ഷം കിഫ്ബി ഫണ്ടിംഗിനായി പരിഗണിക്കുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

5. അതേസമയം, മാവിലായി ഹെറിറ്റേജ് വില്ലേജ് പ്രോജക്ട് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കിഫ്ബി സി.ഇ.ഒയിൽ നിന്നും ലഭിച്ച ശിപാർശയിൽ, 18.11.2024 ന് നടന്ന കിഫ്ബിയുടെ 51-ാം ജനറൽ ബോഡി യോഗം മാവിലായി ഹെറിറ്റേജ് വില്ലേജ് പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ റൂറൽ ഡയറക്ടർ ലഭ്യമാക്കിയ കൺസപ്റ്റ് നോട്ട് ന്റെ അടിസ്ഥാനത്തിൽ 8.37 കോടി രൂപയുടെ പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ സർക്കാർ ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കി. കൂടാതെ, ടി പദ്ധതി കിഫ്ബി ധനസഹായത്തോടെ നിർവഹിയ്ക്കുന്നതുമായി ബന്ധപ്പെട്ട് 23.09.2025 ന് കിഫ്ബി ഹെഡ് ഓഫീസിൽ നടന്ന യോഗത്തിൽ ടി പ്രോജക്ട് കിഫ്ബി ധനസഹായത്തോടെ (8.37 കോടി) തദ്ദേശ സ്വയംഭരണ വകുപ്പ് നേരിട്ട് ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവഹിയ്ക്കാവുന്നതാണെന്ന് തീരുമാനിച്ചതായും വ്യക്തമാക്കി.

<u>കൺസപ്റ്റ് നോട്ട് സംക്ഷിപ്തം</u>

- ഭൂമി ആർജ്ജിക്കൽ - 1.34 കോടി (നെഗോഷ്യേഷൻ വഴി)
- മാവിലായി എകെജി ഹെറിട്ടേജ് സ്ക്വയർ - 2.50 കോടി

- എകെജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം - 4.53 കോടി

- ആകെ - 8.37 കോടി

6. മേൽ സാഹചര്യത്തിൽ, കണ്ണൂർ പെരളശ്ശേരി മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പദ്ധതി, എ കെ ജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം പദ്ധതി എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ കിഫ്ബി ധനസഹായത്തോടെ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവഹിയ്ക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതു സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു.

7.ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവിട്ടു.

8. തുടർന്ന്, ടി പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 18.11.2025 -ൽ ചേർന്ന യോഗത്തിൽ പദ്ധതിയുടെ നിർവഹണ രീതി തീരുമാനിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഒരു പ്രത്യേക പദ്ധതിയായി നിർവഹിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

1) കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പദ്ധതി എ കെ ജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ കിഫ്ബി ധനസഹായത്തോടെ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവഹിയ്ക്കുന്നതിന് ഭരണാനുമതി നൽകാവുന്നതാണോ;

2) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത

ഉണ്ടാകാത്ത വിധം , തദ്ദേശസ്വയംഭരണ വകുപ്പും പെരളശ്ശേരി ഗ്രാമ പഞ്ചായത്തും സാംസ്കാരിക വകുപ്പും ആയി കൂടിയാലോചിച്ച് ഒരു റവന്യൂ മോഡലിന് രൂപം നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്താമോ ?